II.ഇ.ബി. XII-കേരള നിയമസഭ/XI-11

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 7, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34 (*301) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് നടപടികൾ

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ) നൽകിയ മറുപടിയിൽ, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 40% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ 10 പീപ്പിൾസ് ബസാറുകൾ, 311 സൂപ്പർ മാർക്കറ്റുകൾ, 1671 ശബരി സ്റ്റോറുകൾ ഉൾപ്പെടെ സപ്ളൈകോയുടെ മൂവായിരത്തിൽപ്പരം ഔട്ട്ലെറ്റുകൾ വഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അരിവില വർദ്ധനയെത്തുടർന്ന് എല്ലാ വില്പനശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്തു വരുന്നു. 2009 മെയ് മാസം വരെ 127,736 ടൺ അരി ഇത്തരത്തിൽ വിതരണം ചെയ്യുകവഴി അരിവില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് വർഷം

മുൻപ് 32 ലക്ഷം ജനങ്ങൾ സിവിൽസപ്ളൈസ് കോർപ്പറേഷൻ വില്പനശാലകളെ ആശ്രയിച്ചിരുന്നുവെങ്കിൽ ഇപ്പോൾ അത് 80 ലക്ഷത്തിലധികമായി ഉയർന്നിട്ടുണ്ട്. ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വില്പന ശാലകളിലും എല്ലാ സമയത്തും അവശ്യസാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉല്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുളള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയമായ വില നിർണ്ണയ സംവിധാനം ഏർപ്പെടുത്തുക വഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടി ഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു. ഇത്തരം നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിപ്പിക്കുന്നതിനും പൊതുവിപണി വിലകളെ നിയന്ത്രിക്കുവാനും സാധിച്ചു. കഴിഞ്ഞ ഓണക്കാലത്ത് 17.54 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റും, ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് 12 കി. ഗ്രാം അരി വീതവും സൗജന്യമായി നൽകിയിട്ടുണ്ട്. ബി.പി.എൽ വിഭാഗത്തിനും ആദിവാസികൾക്കും കഴിഞ്ഞ ഓണക്കാലത്ത് സൗജന്യമായി നൽകിയിരുന്ന ഫുഡ് പാക്കറ്റുകൾ ഇത്തവണ കൂടുതലായി നൽകാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിലും സപ്ളൈകോ ഇടപെടുന്നുണ്ട്. Fast Moving Consumer Goods (FMCG)-നേക്കാൾ Maximum Retail Price (MRP)യേക്കാൾ 10% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട

കുത്തക കച്ചവടക്കാരെ MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധന ങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരാമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. ലാഭം സ്റ്റോറുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഏല്ലാ റീജിയണൽ ഡിപ്പോകളിലും ക്വാളിറ്റി ഇൻസ്പെക്ടർമാരും ഹെഡ് ഓഫീസിൽ അതിനൊരു ടീമുമുണ്ട്. പരാതികൾ വന്നാൽ അത് ഉടനെതന്നെ പരിഹരിക്കുന്നുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്നപേരിൽ വിപണിയിൽ വില്പന നടത്തിവ രുന്നു. കൂടാതെ, സിവിൽസപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ 5 മരുന്നു മൊത്ത വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചതുവഴി സാധാരണ ജനങ്ങൾക്ക് 12 മുതൽ 43 ശതമാനംവരെ വില കുറച്ച് മരുന്നുകൾ 90 സപ്ളൈകോ മെഡി ക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ജില്ലാകളക്ടർമാർ തെര ഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ളൈകോയിലൂടെ അവശ്യസാധനങ്ങൾ നൽകുന്നതിനും അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണസാധനങ്ങ ളുടെ വില നിയന്ത്രിക്കാനും നടപടിയെടുത്തുവരുന്നു. സംസ്ഥാനത്ത് ജില്ലാകളക്ടർമാർ നേതൃത്വം നല്കുന്ന തരത്തിൽ ഒരു ജില്ലയിൽ മിനിമം 10 ജനതാ മാവേലി ഹോട്ടലുകൾ എന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ ആരംഭിക്കുന്നതിന് നടപടി എടുത്തുകഴിഞ്ഞു. ഇപ്രകാരമുള്ള കമ്പോള ഇടപെടലിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഉപഭോ ക്താക്കൾക്ക് 200 കോടി രൂപയുടെ ആനുകൂല്യങ്ങളും സർക്കാരിന് 100 കോടിയോളം രൂപ വിവിധ നികുതിയിനങ്ങളിലായി ലഭിക്കുകയും ചെയ്തു.

പച്ചക്കറിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ സ്പളൈകോ സ്പെഷ്യൽ ഫെയറുകൾ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു സൂപ്പർമാർക്കറ്റ്/പീപ്പിൾസ് ബസാറുകൾ വഴി പച്ചക്കറി വില്പന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുവിപണിയേക്കാൾ 10 ശതമാനം വരെ വിലക്കുറവിലായിരിക്കും പച്ചക്കറികൾ സ്പെഷ്യൽ ഫെയറുകൾ വഴിയും സൂപ്പർ മാർക്കറ്റുകൾ വഴിയും വിതരണം ചെയ്യുന്നത്. സംസ്ഥാനതലത്തിലും ജില്ലാ താലൂക്കുതലങ്ങളിലും ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും ജില്ലാതല പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ തടയുന്നതിന് സംസ്ഥാന-ജില്ലാ-താലൂക്കുതലങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പൊതു വിപണിയിൽ പരിശോധനകൾ നടത്തിവരുന്നതും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ എന്നിവ നടത്തുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിച്ചുവരികയുമാണ്. വിലക്കുറവിന്റെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനായി 250 സൂപ്പർ മാർക്കറ്റുകളും 50 മാവേലി സ്റ്റോറുകളും ഈ സാമ്പത്തിക വർഷം ആരംഭിക്കാനും അതുവഴി വിപണി വിഹിതം 35% ആയി വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്.. ഈ സർക്കാരിന്റെ മൂന്നാം വാർഷിക സമ്മാനമായി എ.എ.വൈ. കാർഡുകാർക്ക് പ്രതിമാസ വിഹിതത്തിനു പുറമേ 10 കിലോഗ്രാം അരിയും എൻ.ഇ. കാർഡുകാർക്ക് ഒരു ലിറ്റർ മണ്ണെണ്ണയും നല്കിയിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ നിന്നും എത്തുന്ന ജയ, സൂര്യ എന്നീ ഇനങ്ങളിൽപ്പെട്ട അരി യഥാസമയം

ലഭ്യമാക്കുന്നതിന് കേന്ദ്ര റെയിൽവേ സഹമന്ത്രി ഇടപെട്ട് ശാശ്വത പരിഹാരമുണ്ടാക്കുകയും എ.പി.എൽ അരിവിഹിതം ഗണ്യമായി കുറച്ചത് പുനസ്ഥാപിക്കാമെന്ന് കേന്ദ്രം ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി വിലകുറച്ചു വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനം ആവിഷ്ക്കരിക്കുന്നതാണ്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലറ്റുകൾ വഴി ഹിന്ദുസ്ഥാൻ ലിവറിന്റേയും മറ്റും ഉല്പന്നങ്ങൾ വിലകുറച്ചുവിൽക്കുന്ന കാര്യം ആലോചിക്കുന്നതാണ്. കൂടുതൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകിരിച്ചുവരുന്നു. എല്ലാ ജില്ലകളിലും സപ്ലൈകോ മാവേലി മാർക്കറ്റുകളും എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ഓണച്ചന്തകളും തുടങ്ങുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. പൈലറ്റ് പ്രോജക്ടായി 250 റേഷൻ കടകൾ മോഡേണൈസ് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള 52 കോടി രൂപയുടെ പ്രോജക്ട് ഒരു മാതൃകയെന്ന നിലയിൽ പരിശോധിക്കുന്നതാണെന്ന് കേന്ദ്രം ഉറപ്പുനൽകിയിട്ടുണ്ട്. റേഷൻ കടകൾ വഴി ഇപ്പോഴും പുഞ്ച അരി വിതരണം ചെയ്യുന്നുണ്ട്. ലാഭം മാർക്കറ്റുകളിലെ പഴക്കംചെന്ന കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കാൻ നിർദ്ദേശം നൽകുന്നതാണ്. ലോറികൾ അമിത ചാർജ്ജ് ഈടാക്കുന്നതുമൂലം കോഴിക്കോട് പൊതുമാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതുസംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാകളക്ടർ അന്വേഷിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

35 (*302 ) <u>ആസൂത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, പതിനൊന്നാം പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അധികവിഭവസമാഹരണം സംബന്ധിച്ച് ആസൂത്രണ ബോർഡ് ധനകാര്യ വകുപ്പിന് നൽകിയ നിർദ്ദേശ ങ്ങൾ ബഡ്ജറ്റ് രൂപീകരണ ഘട്ടത്തിൽ പരിഗണിക്കപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മുഖ്യമായും അടിസ്ഥാന ഭൂനികുതി, ആഡംബര വസ്തുക്കളായ സ്വർണ്ണം, വാഹന നികുതി, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനപങ്ങൾക്കുള്ള നികുതി, കടകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമുള്ള നികുതി എന്നിവ ഇതിൽപ്പെടുന്നു. 2003-ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ Fiscal Responsibility and Budgetary Managerial Act പ്രകാരം 2007-08-ൽ ധനക്കമ്മി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ മൂന്നുശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയതിനെത്തുടർന്ന് കേരളത്തിന്റെ ധനക്കമ്മി രണ്ടുശതമാനത്തിൽ നിജപ്പെടുത്തുകയും വായ്പയ്ക്ക് പരിധി നിശ്ചയിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമത്തിന്റെ ഫലമായി 2007-08-ൽ റവന്യൂ വരുമാനത്തിന്റെ ശരാശരി വാർഷിക വളർച്ചാനിരക്കിലും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിലും വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ തോത് ഉയർത്തുന്നതിന്റെ ഭാഗമായി ഭരണപരിഷ്ക്കരണ മോണിറ്ററിംഗ് കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സഹകരണ

ബാങ്കുകൾക്ക് ജനകീയാസൂത്രണ പദ്ധതിയിൽ നിന്നും സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.സി.കളുടെ അധികാരം വിപുലീകരിക്കുന്നതിനെപ്പറ്റി പരിശോധിക്കുന്നതാണെന്നും മീനച്ചിൽ റിവർവാലി പദ്ധതി സംബന്ധിച്ച് ആസൂത്രണ ബോർഡിൽ നിന്നും വിശദീകരണം ആരായുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

36 (*303) <u>ഭക്ഷ്യസുരക്ഷാ നിയമം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദേശീയ ഭക്ഷ്യസുരക്ഷാ ബില്ലിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ഇതിനകം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഒരു 'ആശയക്കുറിപ്പ്' ആണ് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിനായി നൽകിയിട്ടു ള്ളത്. ഈ കരടുരേഖയിൽ കേന്ദ്രം നിശ്ചയിക്കുന്ന വിലനിലവാരത്തേക്കാൾ കുറച്ചുകൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ലെന്ന നിർദ്ദേശം വന്നിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള പൊതുവിതരണ സമ്പ്രദായം തുടരുകയും കുടുതൽ ആളുകളെ ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് അനുവദിക്കുകയും ചെയ്യണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. 1,497,000 പേരെ മാത്രമാണ് ഇപ്പോൾ ബി.പി.എൽ. ആയി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് 5 ലക്ഷം പേർ എ.എ.വൈ.യിൽ വരുന്നതാണ്. എ.പി.എൽ വിഭാഗങ്ങളെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമ ത്തിൽ നിന്നും ഒഴിവാക്കാനും ദരിദ്ര വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന

എ.എ.വൈ, അന്നപൂർണ്ണ, വില്ലേജ് ധാന്യ ബാങ്ക്, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം തുടങ്ങിയ പദ്ധതികളിലുള്ള ആനുകുല്യങ്ങളിൽ മാറ്റം വരുത്തുവാനും ഈ കുറിപ്പിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ബി.പി.എൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അതിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങളും സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നതാണ്. അതോടൊപ്പം ഇപ്പോൾ ബി.പി.എൽ കാർഡുടമകൾക്ക് നൽകി വരുന്ന 35 കിലോ ഭക്ഷ്യധാന്യം 25 കിലോ നിരക്കിലാക്കാനും നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത നിയമം സംസ്ഥാനത്തെ ദരിദ്രവിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ഇടയാക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു..

37 (*304) <u>മണ്ണെണ്ണ ക്വാട്ട വർദ്ധനവ്</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിൽ താമസിക്കുന്ന ഉപഭോക്താക്കൾക്ക് 2009 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് താൽക്കാലികമായി മണ്ണെണ്ണ ക്വാട്ട അഞ്ച് ലിറ്ററിൽനിന്നും ആറ് ലിറ്ററാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും 1,299,515 കുടുബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്നും സഭയെ അറിയിച്ചു. ഇതിന്റെ ഗുണഭോക്താക്കളെ “E” കാർഡ്, “NE” കാർഡ് എന്നിങ്ങനെയാണ് തരംതിരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന മണ്ണെണ്ണ പാചകത്തിനുവേണ്ടി മാത്രമേ ഉപയോഗിക്കാവൂ എന്ന കർശന നിർദ്ദേശമുണ്ടെങ്കിലും കേരളത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കുകൂടി അത് വിതരണം ചെയ്യുന്നുണ്ടെന്നും അഡീഷണൽ ക്വാട്ട വേണമെന്ന് ആവശ്യപ്പെട്ട്

മെമ്മോറാണ്ടം നൽകിയെങ്കിലും കേരളത്തിനുമാത്രമായി അങ്ങനെ നൽകാൻ സാധ്യമല്ലെന്നുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

38 (*305) <u>മിൽക്ക് ഷെഡ്</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2008-2009 സാമ്പത്തികവർഷം 65 ബ്ലോക്കുകളിൽ മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം കർഷകർക്ക് രണ്ട് പശു യൂണിറ്റിന് 14,000 രൂപ, അഞ്ച് പശു യൂണിറ്റിന് 44,000 രൂപ, പത്ത് പശു യൂണിറ്റിന് 75,000 രൂപ എന്ന നിരക്കിലും, 20 പശു യൂണിറ്റിന് 1.50 ലക്ഷം രൂപ നിരക്കിലും, 30 കിടാരികളെ വളർത്തുന്ന യൂണിറ്റിന് 4,50,000 രൂപയും ധനസഹായം നൽകിവരുന്നു. സങ്കരയിനം പശുക്കളായ ഹോൾസ്റ്റീൻ, ഫ്രീഷൻ, ജേഴ്സി, ബ്രൗൺ സ്വിസ്, സിന്ദ്ജേഴ്സി എന്നീ ഇനം പശുക്കളെയാണ് മിൽക്ക് ഷെഡ് പദ്ധതിയിൽ വിതരണം ചെയ്യുന്നത്. മിൽക്ക് ഷെഡ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം 7000 പശുക്കളെയും 480 കിടാരികളെയും വിതരണം ചെയ്തു. ഈ സാമ്പത്തിക വർഷം 4870 പശുക്കളെയും 750 കിടാരികളെയും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും, കേരളത്തിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ച് ഉൽപ്പാദനക്ഷമത കൂടുതലുള്ള സങ്കരയിനം പശുക്കളെ അയൽ സംസ്ഥാനത്തുനിന്ന് കർഷകർക്ക് ലഭ്യമാക്കുന്ന ഈ പദ്ധതി പ്രകാരം കിടാരി വളർത്തൽ യൂണിറ്റുകൾ

സ്ഥാപിക്കുന്നതിനും 10 പശുക്കളിൽ കൂടുതൽ വളർത്തുന്ന ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുന്നതിനും കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനും കൊല്ലം ജില്ലയിലെ ആയൂർ, തിരുവനന്തപുരത്തെ സ്വീവേജ് ഫാം എന്നിവിടങ്ങളിൽ മോഡൽ ഡയറി ഫാമുകൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2453 മുതൽ 2646 വരെയുള്ള ചോദ്യങ്ങളിൽ 100 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)